# ഇരുപതാം നൂറ്റാണ്ടിലെ നവോത്ഥാന നായകന്മാർ

വി.കെ. അലി

ഇസ്‌ലാമിനെ മനുഷ്യരാശിക്ക് നൽകപ്പെട്ട ദൈവികദർശനമായും ഇസ്‌ലാമികശരീഅത്തിനെ പ്രയോഗവൽക്കരിക്കപ്പെടേണ്ട ജീവിതവ്യവസ്ഥയായും മനസ്സിലാക്കി തദടിസ്ഥാനത്തിൽ ഒരു സാമൂഹ്യ പരിവർത്തനത്തിന് നേതൃത്വം നൽകിയ നവോത്ഥാന നായകരെയാണ് ഈ ലേഖനത്തിൽ പരിചയപ്പെടുത്തുന്നത്. ഇസ്‌ലാമിന്റെ അടിത്തറകളിൽ പടുത്തുയർത്തിയ രാഷ്ട്രീയ വ്യവസ്ഥകളുടെ സംസ്ഥാപനം മുസ്‌ലിംകളുടെ ബാധ്യതയാണെന്നും അതുമൂലം മാത്രമേ ഇസ്‌ലാം ഭദ്രമായി നിലനിൽക്കുകയുള്ളൂവെന്നും അവർ അടിയുറച്ചു വിശ്വസിച്ചു. മതത്തെയും രാഷ്ട്രീയത്തെയും വെട്ടിമുറിച്ച് രാഷ്ട്രീയരംഗത്ത് മുസ്‌ലിമിന് എന്തുമാവാമെന്ന അബദ്ധവാദം യഥാർഥ മുസ്‌ലിംകൾക്ക് ഭൂഷണമല്ല. ഭൂമിയിൽ മനുഷ്യന്റെ നിയോഗലക്ഷ്യം സാക്ഷാൽകൃതമാവണമെങ്കിൽ ജീവിതത്തിന്റെ നിഖിലമേഖലകളിലും ദൈവികനിയമങ്ങൾ നടപ്പിൽവരണം. ഇതിനായി ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ നടത്തി ആധുനികയുഗത്തിൽ ഇസ്‌ലാമിക നവോത്ഥാനത്തിന് അടിത്തറ പാകിയ സമുദ്ധാരകന്മാരിൽ പ്രമുഖരാണ് ചുവടെ:

## ജമാലുദ്ദീൻ അഫ്ഗാനി

പത്തൊമ്പതാം നൂറ്റാണ്ടിലാണ് ജീവിച്ചതെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ ദൃശ്യമായ ഇസ്‌ലാമിക നവജാഗരണത്തിന്റെ പ്രാരംഭബിന്ദു എന്ന നിലയിൽ ജമാലുദ്ദീൻ അഫ്ഗാനിയെ അനുസ്മരിക്കാതിരിക്കുന്നത്. അസംഗതമാകും. ഇസ്‌ലാമിക ഖിലാഫത്തിനെ പ്രതിനിധീകരിക്കുന്ന തുർക്കിയെയും ഇതര മുസ്‌ലിം നാടുകളെയും പാശ്ചാത്യ സാമ്രാജ്യശക്തികൾ തട്ടിയുരുട്ടുന്ന സാഹചര്യത്തിലാണ് ജമാലുദ്ദീൻ ജനിക്കുന്നത്. മുസ്‌ലിംകളുടെ ദയനീയാവസ്ഥ ആ വിപ്ലവകാരിയെ തട്ടിയുണർത്തി. ഒരു തീജ്വാല കണക്കെ മുസ്‌ലിം നാടുകളിലെല്ലാം അദ്ദേഹം സഞ്ചരിച്ചു. അഫ്ഗാനിസ്ഥാൻ, ഇറാൻ, തുർക്കി, ഇന്ത്യ, ഈജിപ്ത് എന്നിവിടങ്ങളിലെ മുസ്‌ലിം സമൂഹത്തെ ബോധവൽക്കരിക്കാനും ഇസ്‌ലാമിക ഖിലാഫത്തിനെ ചൈതന്യവത്താക്കുവാനും അദ്ദേഹം യത്നിച്ചു. ലോകമെങ്ങുമുള്ള മുസ്‌ലിംകൾ ഒരേ നേതൃത്വത്തിന് കീഴിൽ സംഘടിച്ച് ലോക ഇസ്‌ലാമിക ഗവൺമെന്റ് സ്ഥാപിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതിന്നായി സ്വന്തം ജീവിതം അദ്ദേഹം ഉഴിഞ്ഞുവെച്ചു.

1839-ൽ കാബൂളിന് സമീപമുള്ള അസ്അദാബാദിലാണ് ജമാലുദ്ദീന്റെ ജനനം. പതിനെട്ടു വയസ്സാകുമ്പോഴേക്കും വിവിധ വിജ്ഞാനീയങ്ങളിൽ പ്രാവീണ്യം നേടാൻ ആ പ്രതിഭാധനനു സാധിച്ചു. ഇംഗ്ലീഷ്, പേർഷ്യൻ, പുശ്തു, ഉർദു, ടർക്കിഷ്, അറബി എന്നീ ഭാഷകൾ അദ്ദേഹം അനായാസം കൈകാര്യം ചെയ്തു. 1869-ൽ ഇന്ത്യയും ഈജിപ്തും പിന്നിട്ട് തുർക്കിയിലെത്തിയ ജമാലുദ്ദീൻ അഫ്ഗാനിയെ സുൽത്താൻ അബ്ദുൽ ഹമീദ് വളരെയേറെ ആദരിച്ചെങ്കിലും യാഥാസ്ഥിക പണ്ഡിതസമൂഹം അദ്ദേഹത്തിനെതിരെ തിരിയുകയും ഈജിപ്തിലേക്ക് തിരിച്ചുപോകാൻ നിർബന്ധിക്കുകയും ചെയ്തു. ഈജിപ്തിൽ ബ്രിട്ടന്റെയും ഫ്രാൻസിന്റെയും പിടി അതിശക്തമായ ഘട്ടമായിരുന്നു അത്. എട്ടു വർഷത്തോളം അവിടെ പ്രവർത്തിച്ച അഫ്ഗാനി പൊതുജനങ്ങളിൽ വിപ്ലവാവേശം കുത്തിവെക്കുന്നത് പാശ്ചാത്യ മേൽക്കോയ്മകൾക്ക് നിദ്രാഭംഗമുണ്ടാക്കി. 1882-ൽ അദ്ദേഹം വീണ്ടും ഇന്ത്യയിലെത്തി. അവിടെയും ബ്രിട്ടീഷുകാർ അദ്ദേഹത്തെ പീഡിപ്പിച്ചു. ഇന്ത്യയിൽനിന്നാണ് അഫ്ഗാനി പാരീസിലേക്ക് പുറപ്പെട്ടത്.

ഈജിപ്തിൽ ജമാലുദ്ദീൻ അഫ്ഗാനിയിൽനിന്ന് ആവേശമുൾക്കൊണ്ട് പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ ശിഷ്യൻ ശൈഖ് മുഹമ്മദ് അബ്ദുവെ ഗവൺമെന്റ് പാരീസിലേക്ക് നാടുകടത്തിയത് ഇതേ സന്ദർഭത്തിലായിരുന്നു. ഗുരുവും ശിഷ്യനും ഒത്തൊരുമിച്ചപ്പോൾ ഇസ്‌ലാമിക ലോകത്താകെ നവോന്മേഷത്തിന് നാന്ദി കുറിക്കാൻ കഴിഞ്ഞു. അവർ പ്രസിദ്ധീകരിച്ച 'അൽ ഉർവതുൽ വുസ്ഖാ' എന്ന പത്രികക്ക് മുസ്‌ലിം ലോകത്ത് ചിന്താപരമായ വിപ്ലവം സൃഷ്ടിക്കാൻ സാധിച്ചു. 'ഉമ്മുൽ ഖുറാ' എന്ന പേരിൽ ഒരു ലോക സംഘടനക്ക് അവർ രൂപംനൽകി. 1892-ൽ ഇസ്താംബൂളിൽ വെച്ച് ചരമമടയുമ്പോഴേക്കും അഫ്ഗാനിസ്ഥാൻ, ഇന്ത്യ, ഇറാൻ, തുർക്കി എന്നിവിടങ്ങളിൽ മാത്രമല്ല ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമനി, റഷ്യ എന്നീ രാഷ്ട്രങ്ങളിൽ പോലും വമ്പിച്ച സ്വാധീനം സൃഷ്ടിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

## സയ്യിദ് മുഹമ്മദ് അഹ്മദ് അൽമഹ്ദി

ജമാലുദ്ദീൻ അഫ്ഗാനിയുടെ സമകാലികനായ മുഹമ്മദ് അഹ്മദ് അൽമഹ്ദിയും ഇസ്‌ലാമിന്റെ വിപ്ലവാത്മകമുഖം ഉയർത്തിപ്പിടിച്ച് പാശ്ചാത്യ സാമ്രാജ്യശക്തികളെ വെകിളിപിടിപ്പിച്ച വ്യക്തിയാണ്. അധാർമികതയുടെയും മതപരിത്യാഗത്തിന്റെയും ചളിക്കുണ്ടിൽ വീണ സുദാനികളെ പുതിയ ഉയിർത്തെഴുന്നേൽപിന് മഹ്ദി സജ്ജമാക്കി. സൂഫീ ചിന്താഗതികളുടെ സ്വാധീനവും മഹ്ദി വിശ്വാസത്തിന്റെ ആത്മബലവും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തിപകർന്നു. സ്വഛമായ ഇസ്‌ലാമിക ദർപ്പണത്തിൽ സയ്യിദ് മഹ്ദിയുടെ വീക്ഷണങ്ങൾക്ക് വൈകല്യം ദർശിക്കാമെങ്കിലും അവ ഉയർത്തിവിട്ട മതചൈതന്യവും വിപ്ലവാവേശവും നിഷേധിക്കുകവയ്യ.

1844-ൽ സുദാനിലെ 'ദൻഖല' പട്ടണത്തിലാണ് സയ്യിദ് മുഹമ്മദ് അഹ്മദ് ജനിക്കുന്നത്. പാരമ്പര്യ മതവിദ്യാഭ്യാസവും ഖുർആൻ മനഃപാഠവും സാധിച്ച ശേഷം ഒരു വൈരാഗിയുടെ ജീവിതം നയിച്ച അദ്ദേഹം ജനങ്ങളുടെ ആകർഷണകേന്ദ്രമായി. സുദാന്റെ വിവിധ പ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച കഥാപുരുഷനെ, തന്റെ നാട്ടുകാർ അനുഭവിക്കുന്ന രാഷ്ട്രീയാടിമത്തം ദുഃഖിതനാക്കി. ലൗകികചിന്തകൾ വെടിഞ്ഞ് ആരാധനാകർമങ്ങളിൽ നിരതനായിരുന്ന മുഹമ്മദ് അഹ്മദ് താൻ മഹ്ദിയാണെന്ന് പ്രഖ്യാപിക്കുന്നത് ഈ പാശ്ചാത്തലത്തിലാണ്. അനുയായികൾ അദ്ദേഹത്തിന് അനുസരണ പ്രതിജ്ഞ ചെയ്തു.

ഖാർതൂം ഗവർണർ മഹ്ദിയെയും അനുയായികളെയും തുടച്ചുനീക്കുന്നതിന് സൈന്യത്തെ അയച്ചെങ്കിലും ഏറ്റുമുട്ടലിൽ ഗവർണറുടെ സൈന്യം പരാജയപ്പെട്ടു. തുടർന്ന് സുദാന്റെ വിവധ ഭാഗങ്ങളിലേക്ക് മഹ്ദി തന്റെ സൈനികരെ നിയോഗിച്ചു. ബ്രിട്ടീഷ് ഗവൺമെന്റ് ജനറൽ ഗോർഡനെ അയച്ചുകൊണ്ട് സുദാന് സ്വാതന്ത്ര്യം നൽകാമെന്നും 'കുർദുഫാൻ' പ്രവിശ്യയിലെ ഗവർണറാക്കാമെന്നും നികുതിഭാരം ലഘൂകരിക്കാമെന്നും ഓഫർ നൽകിയെങ്കിലും മഹ്ദിയുടെ മറുപടി കർക്കശമായിരുന്നു. തനിക്ക് ആധിപത്യമോ അധികാരമോ സമ്പത്തോ ആവശ്യമില്ലെന്നും ജനങ്ങളെ അവരുടെ മതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ മാത്രമേ ഉദ്ദേശ്യമുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി. മഹ്ദിയെ വെറുതെ വിടുന്നത് അപകടമാണെന്ന് മനസ്സിലാക്കിയ ബ്രിട്ടൻ ശക്തമായ സൈന്യത്തെ സുദാനിലേക്കയച്ചു. പ്രസ്തുത സൈന്യം സുദാനിലെത്തുന്നതിനുമുമ്പ് തന്നെ മഹ്ദിയുടെ അനുയായികൾ ഖാർതൂം കീഴ്പെടുത്തുകയും ജനൽ ഗോർഡനെ വധിക്കുകയും ചെയ്തു. തുടർന്ന് രാഷ്ട്രത്തിന്റെ ഇസ്‌ലാമികവൽക്കരണത്തിൽ മഹ്ദി ദത്തശ്രദ്ധനായി.

ഇസ്‌ലാമിക ശരീഅത്തനുസരിച്ച് ഭരണക്രമം പുനഃസംവിധാനിക്കുകയായിരുന്നു സയ്യിദ് മഹ്ദിയുടെ ലക്ഷ്യം. അദ്ദേഹം പള്ളികളും വ്യവസായങ്ങളും ആയുധനിർമാണശാലകളും സ്ഥാപിച്ചു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അവസാനിപ്പിച്ചു. അധർമ്മം എവിടെ കണ്ടാലും അതിന്നെതിരിൽ പ്രതികരിക്കുന്ന അനുയായികളെ വളർത്തിയെടുത്തു. അവർക്ക് ഒരേ രീതിയിലുള്ള വസ്ത്രധാരണം നടപ്പാക്കി. ആഢംപരവും സുഖലോലുപതയും നിരോധിച്ചു. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് ഭരിക്കാത്ത മുസ്‌ലിം ഭരണാധികാരികൾ മതഭ്രഷ്ടരാണെന്ന് വ്യക്തമാക്കി. അവർക്ക് അരുനിൽക്കുന്ന കൊട്ടാരപണ്ഡിതരെ നിശിതമായി വിമർശിച്ചു. പ്രഗൽഭ പണ്ഡിതന്മാരെ പ്രവിശ്യകളിലെ ഗവർണർമാരായി നിശ്ചയിച്ചു. ബൈത്തുൽമാൽ പുനഃസ്ഥാപിക്കുകയും സകാത്ത് വ്യവസ്ഥ നടപ്പാക്കുകയും ചെയ്തു. ഭൂമിയുടെ മേൽ വ്യക്തിയുടെ ഉടമാവകാശം എടുത്തുനീക്കി. ജനങ്ങളുടെ ആവശ്യനിർവഹണത്തിനുള്ള വസ്തുക്കൾ പൊതുഖജനാവിൽനിന്ന് വിതരണം ചെയ്തു. ഒരു പ്രത്യേക 'മദ്ഹബി'നെ പിന്തുടരാതെ ഗവേഷണശേഷിയുള്ള (മുജ്തഹിദ്)വരെമാത്രം ഭരണച്ചുമതല ഏൽപിച്ചു. പക്ഷേ, അധികകാലം തന്റെ സംസ്കരണപ്രവർത്തനങ്ങൾ തുടരാൻ മഹ്ദിക്ക് കഴിഞ്ഞില്ല. 1885-ൽ നാൽപ്പത്തിഒമ്പതാം വയസ്സിൽ തന്റെ ഉത്തമശിഷ്യൻ 'അബ്ദുല്ല തആഇശി'യെ നേതൃത്വമേൽപിച്ചുകൊണ്ട് അദ്ദേഹം ചരമമടഞ്ഞു. സുദാനിലെ രാഷ്ട്രീയ രംഗത്ത് ഇന്നും ശക്തമായ സ്വാധീനമുള്ള അൻസാറുകൾ മഹ്ദിയുടെ അനുയായികളാണ്. അദ്ദേഹത്തിന്റെ സന്താന പരമ്പരയിൽപെട്ട സാദിഖുൽ മഹ്ദിയിലേക്ക് സ്വാധീനം എത്തുമ്പോഴേക്കും പ്രസ്ഥാനത്തിന്റെ വിപ്ലവ സ്വഭാവവും ആദർശാടിത്തറയും നഷ്ടപ്പെട്ടെന്നു മാത്രമല്ല, പാശ്ചാത്യ ശക്തികളുടെ പിടിയിൽ നേതൃത്വം അമരുകയും ചെയ്തു.

### ബദീഉസ്സമാൻ സഈദ് നൂർസി

തുർക്കി ആസ്ഥാനമായുള്ള ഇസ്‌ലാമിക ശരീഅത്ത് അതിന്റെ പതനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കാലത്താണ് ബദീഉസ്സമാൻ സഈദ് നൂർസി (1873-ൽ) ജനിക്കുന്നത്. അസാധാരണ ബുദ്ധിസാമർഥ്യവും ധീരതയും മുറ്റിനിന്ന ഈ ചെറുപ്പക്കാരൻ 18 വയസ്സാകുമ്പോഴേക്കും ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമായി. സൂഫിചിന്തകളോട് ആഭിമുഖ്യം കാണിച്ച അദ്ദേഹം പാരമ്പര്യ മതപുരോഹിതന്മാർക്ക് അനഭിമതനായിരുന്നു.

ഇരുപതാം വയസ്സിൽ സജീവ രാഷ്ട്രീയ രംഗത്ത് പ്രത്യക്ഷപ്പെട്ട ബദീഉസ്സമാൻ ബ്രിട്ടന്റെ ഇസ്‌ലാം വിരുദ്ധ നയങ്ങളക്കുറിച്ച് തുർക്കികളെ ബോധവാന്മാരാക്കാൻ പ്രയത്നിച്ചു. സുൽത്താൻ മുഹമ്മദ് റാശിദുമായി സുഹൃദ്ബന്ധമുണ്ടായിരുന്ന അദ്ദേഹം ഈജിപ്തിലെ അസ്ഹർ യൂനിവേഴ്സിറ്റിയോട് കിടനിൽക്കുന്ന ഒരു കലാലയം തുർക്കിയിൽ ആരംഭിക്കാൻ നീക്കങ്ങൾ നടത്തിയെങ്കിലും രണ്ടാംലോക മഹായുദ്ധത്തിനിടയിൽ പെട്ട് ആ പരിപാടി പരാജയപ്പെട്ടു.

ഉസ്മാനിയാ ഖിലാഫത്ത് ഇസ്‌ലാമിൽനിന്ന് വ്യതിചലിക്കുന്നതിൽ ക്ഷുഭിതനായ കമാൽ അത്താതുർക്കിനോട് സഹകരിച്ച് ഒരു പരിവർത്തനത്തിനായി പ്രവർത്തിച്ചു. പക്ഷേ, ക്രമേണ കമാലിസ്റ്റുകളുടെ തനിനിറം വ്യക്തമാവുകയും ഇസ്‌ലാം വിരുദ്ധ മനോഭാവം മറനീക്കി പ്രത്യക്ഷപ്പെടുകയും ചെയ്തപ്പോൾ അദ്ദേഹം ഇങ്ങനെ പൊട്ടിത്തെറിച്ചു: "മാർഗഭ്രംശം സംഭവിച്ചവരെ, നിങ്ങൾ മതത്തെ ദ്രോഹിക്കുന്നു. ദൈവിക നിയമങ്ങളെ ദുർബലമാക്കുന്നു. ദൈവകോപം നിങ്ങളെ ബാധിക്കും. അനന്തരഫലം ഗുരുതരമായിരിക്കും". കമാലിയൻ വിപ്ലവത്തെക്കുറിച്ച് അദ്ദേഹം പ്രതികരിച്ചു: "ഒരു വിഭാഗം അധികാരംമൂലം തോന്യാസം കാണിക്കുന്നതും ദൈവിക നിയമങ്ങൾക്ക് എതിർ പ്രവർത്തിക്കുന്നതുമാണ് വിപ്ലവമെങ്കിൽ അത് തകർക്കാൻ ഞാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നതിന് മനുഷ്യരും ജിന്നുകളും സാക്ഷ്യം വഹിച്ചുകൊള്ളട്ടെ."

മുസ്‌ലിം രാഷ്ട്രങ്ങളിൽ ഇസ്‌ലാമിക ശരീഅത്ത് നടപ്പാക്കണമെന്ന ആവശ്യം ബദീഉസ്സമാൻ ശക്തമായി ഉന്നയിച്ചു. തുർക്കിയുടെ നേതൃത്വമേറ്റ സെക്യൂലരിസ്റ്റുകൾക്ക് അത് തലവേദനയായി. നൂർസിയുടെ ജനസ്വാധീനം പക്ഷേ, അവരെ ഭയവിഹ്വലരാക്കി. ഇസ്‌ലാമിക ഭരണം നടപ്പാക്കാൻ ശ്രമിക്കുന്നു എന്ന കുറ്റംചുമത്തി അദ്ദേഹത്തെ അറസ്റ്റുചെയ്തപ്പോൾ ബദീഉസ്സമാൻ പ്രസ്താവിച്ചു: "എനിക്ക് ആയിരം ആത്മാക്കൾ ഉണ്ടായിരുന്നുവെങ്കിൽ ഇസ്‌ലാമിന്റെ ഏതെങ്കിലുമൊരു യാഥാർഥ്യത്തിനുവേണ്ടി അവ മുഴുവൻ ത്യാഗം ചെയ്യാൻ ഞാൻ അശേഷം മടിക്കില്ല." തന്നെ വിചാരണ ചെയ്ത കോടതിയിൽ നൂർസി നടത്തിയ പ്രസംഗം പത്തുപേജുകളിലാണ് പത്രങ്ങൾ പ്രസിദ്ധീകരിച്ചത്. തുടർന്ന് ആയിരങ്ങൾ ഗവൺമെന്റ് ഹൗസിന് മുന്നിൽ തടിച്ചുകൂടിയതിനാൽ ബദീഉസ്സമാനെ തടവിലിട്ടെങ്കിലും താമസിയാതെ വിട്ടയക്കാൻ ഭരണകൂടം നിർബന്ധിതമായി.

1918-ൽ ഇസ്താംബൂൾ ഇംഗ്ലണ്ടിന് കീഴിലമർന്നു. ഇസ്‌ലാമിനെ കരിവാരിത്തേക്കാൻ കുറേ ചോദ്യങ്ങളുമായി ആംഗ്ലിക്കൽ ചർച്ച് മുസ്‌ലിം പണ്ഡിതന്മാരെ സമീപിച്ചു. അറുനൂറു വാക്കിൽ മറുപടി എഴുതിക്കൊടുക്കാനായിരുന്നു കൽപന. ബദീഉസ്സമാൻ ചോദ്യാവലി ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. " ചോദ്യാവലി അറുനൂറു വാക്കിലോ ആറു വാക്കിലോ ഒറ്റവാക്കിലോ മറുപടി നൽകാനർഹമല്ല. ചോദ്യകർത്താക്കളുടെ മുഖത്ത് തുപ്പു വെച്ചു കൊടുക്കുകയാണ് വേണ്ടത്."

1920-ൽ കമാൽ അത്താതുർക്ക് അധികാരത്തിൽ വന്നപ്പോൾ ബദീഉസ്സമാനെ വശീകരിക്കാൻ പല പ്രലോഭനങ്ങളും നടത്തിനോക്കി. ഇസ്‌ലാമിനോടുള്ള കമാലിസ്റ്റുകളുടെ ശത്രുത മനസ്സിലാക്കിയ നൂർസി അവരുടെ സ്ഥാനമാനങ്ങൾ തിരസ്കരിച്ചു. രാഷ്ട്രീയത്തിൽ മനംമടുത്ത അദ്ദേഹം "രാഷ്ട്രീയത്തിൽനിന്നും പിശാചിൽനിന്നും ഞാൻ അല്ലാഹുവോട് അഭയം തേടുന്നു" എന്ന് പറഞ്ഞുകൊണ്ട് ഏകാന്തജീവിതം ഇഷ്ടപ്പെടുകയാണുണ്ടായത്. തന്റെ ആദർശങ്ങൾ പ്രചരിപ്പിക്കാൻ ലഘുലേഖകൾ പ്രസിദ്ധീകരിക്കുന്ന രീതിയാണ് പിന്നീടദ്ദേഹം സ്വീകരിച്ചത്. "പ്രാകാശ പത്രികകൾ" (റസാഇലുന്നൂർ) എന്ന പേരിൽ അവ അനുയായികൾക്കിടയിൽ പ്രചുരപ്രചാരം നേടി. ഗവൺമെന്റ് നിരോധം വകവെക്കാതെ 'നൂരി' പ്രസ്ഥാനക്കാർ അവ കോപ്പികളെടുത്ത് ഗ്രാമാന്തരങ്ങളിൽപോലും പ്രചരിപ്പിച്ചു. ഏകദേശം ഇരുപത് വർഷം ഈ നില തുടർന്നു. അതിനിടക്ക് ഗവൺമെന്റ് അദ്ദേഹത്തെ പലതവണ ബന്ധനസ്ഥനാക്കുകയും സഞ്ചാരസ്വാതന്ത്ര്യം അദ്ദേഹത്തിന് നിഷേധിക്കുകയും ചെയ്തു. ജീവിതകാലത്ത് ഒന്നിലധികം തവണ വധശിക്ഷക്ക് വിധിക്കപ്പെട്ട ആ കർമയോഗി 1958-ലാണ് മരണമടഞ്ഞത്. ബദീഉസ്സമാന്റെ മരണേഷം അദ്ദേഹത്തിന്റെ അനുയായികൾ ഛിന്നഭിന്നമായി. ഇസ്‌ലാമിക രാഷ്ട്ര സംസ്ഥാപനം ലക്ഷ്യമാക്കി പ്രൊഫ. നജ്മുദ്ദീൻ അർബകാൻ 'സലാമത്ത്' പാർട്ടി രൂപീകരിച്ചപ്പോൾ ചിലർ അതിലണിനിരന്നു. മറ്റു പലരും ഇതര

സംഘടനകളിൽ ചേക്കേറി. ഇസ്ലാമിക സംസ്കാരത്തിൽ ഊറ്റംകൊള്ളുകയും പാശ്ചാത്യ സംസ്കാരത്തെ തള്ളിക്കളയുകയും ചെയ്യുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ ബദീഉസ്സമാൻ അനൽപമായ പങ്ക് വഹിച്ചിട്ടുണ്ട്.

**നജ്മുദ്ദീൻ അർബകാൻ**

1968-ൽ ചേമ്പർ ഓഫ് കൊമേഴ്സിന്റെ നേതൃസ്ഥാനത്തേക്ക് മൽസരിച്ചുകൊണ്ടാണ് ഇസ്താംബൂളിലെ ഒരു യൂനിവേഴ്സിറ്റിയിൽ മെക്കാനിക്സ് പ്രൊഫസറായിരുന്ന നജ്മുദ്ദീൻ അർബകാൻ തന്റെ രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിക്കുന്നത്. ജസ്റ്റിസ് പാർട്ടി നേതാവ് സുലൈമാൻ ദറമേലിന്റെ അടുത്ത സുഹൃത്തിനെ അതിലദ്ദേഹം പരാജയപ്പെടുത്തി. എന്നാൽ, ഇസ്രായേലുമായുള്ള കയിറ്റിറക്കുമതി നിർത്തൽ ചെയ്തതിന് ഗവൺമെന്റ് അദ്ദേഹത്തെ പിരിച്ചുവിട്ടു. ജസ്റ്റീസ് പാർട്ടിയുടെ പേരിൽ പിന്നീട് തുർക്കി പാർലമെന്റിലേക്ക് മൽസരിക്കാൻ ശ്രമിച്ചെങ്കിലും പാർട്ടി അനുവാദം ലഭിച്ചില്ല. എങ്കിലും സ്വതന്ത്രനായി മൽസരിച്ചു വിജയിച്ചു. 1970-ൽ സമാന ചിന്താഗതിക്കാരുമായി ചേർന്നു ഒരു പാർട്ടിക്കു രൂപംനൽകിയെങ്കിലും താമസംവിനാ അത് നിരോധിക്കപ്പെടുകയും അർബകാൻ ബന്ധനത്തിലാവുകയും ചെയ്തു. അത്താതുർക്കിന്റെ ചിന്തകളെ പരസ്യമായി എതിർത്തുകൊണ്ട് 1972-ൽ 'സലാമത്ത്' പാർട്ടിക്ക് രൂപംനൽകി. അടുത്തവർഷം നടന്ന തെരഞ്ഞെടുപ്പിൽ 49 സീറ്റുകൾ നേടിക്കൊണ്ട് രാജ്യത്തെ ഏറ്റവും വലിയ മൂന്നാം കക്ഷിയായി ഉയരാൻ 'സലാമത്ത്' പാർട്ടിക്ക് സാധിച്ചു. കൂട്ടുഭരണത്തിൽ പങ്കുകൊണ്ട അർബകാൻ തുർക്കിയെ പടിഞ്ഞാറൻ വിധേയത്വത്തിൽനിന്ന് മോചിപ്പിച്ച് ഇസ്ലാമിക ലോകവുമായി ബന്ധിപ്പിക്കാൻ ശ്രമങ്ങൾ നടത്തി. ആയുധനിർമാണ ശാലകൾ, ഹെവി ഇൻഡസ്ട്രി എന്നിവക്ക് പുറമെ വിദ്യാലയങ്ങളും മതപഠനശാലകളും തുറന്നു. മത വിദ്യാഭ്യാസം സർക്കാർ സ്കൂളുകളിൽ ഏർപെടുത്തി. വാർത്താ വിതരണ രംഗത്ത് പരിഷ്കരണങ്ങൾ നടപ്പാക്കി. പാശ്ചാത്യ ശക്തികൾക്കിതൊന്നും രസിച്ചില്ല. തുടർന്ന് പട്ടാള വിപ്ലവം നടക്കുകയും അർബകാൻ ബന്ധനസ്ഥനാവുകയും ചെയ്തു. ലണ്ടനിലെ പ്രസിദ്ധ പത്രം 'ഇക്ണോമിസ്റ്റ്' അദ്ദേഹത്തെക്കുറിച്ചെഴുതി: "പ്രൊഫസർ നജ്മുദ്ദീൻ അർബകാനെ വീക്ഷിക്കുമ്പോൾ ഒറ്റ നോട്ടത്തിൽ അദ്ദേഹം അപകടകാരിയാണെന്ന് തോന്നുകയില്ല. എന്നാൽ, അദ്ദേഹവുമായി ഏതാനും മിനുറ്റുകൾ സംസാരിക്കുമ്പോൾ ഈ ധാരണ മാറും. അന്താരാഷ്ട്ര നിലവാരത്തിൽ ചിന്തിക്കുന്ന ഒരു വ്യക്തിയാണദ്ദേഹം.

തെരഞ്ഞെടുപ്പുകളിൽ സലാമത്ത് പാർട്ടിക്ക് വിജയിക്കാൻ സാധിക്കുകയാണെങ്കിൽ, പാശ്ചാത്യരെ അസ്വസ്ഥരാക്കുന്ന വസ്തുത അത്താതുർക്ക് നടപ്പാക്കിയ പരിഷ്കരണ പ്രവർത്തനങ്ങൾ ദഹിച്ചിട്ടില്ലാത്ത വലിയൊരു വിഭാഗം തുർക്കി ജനതയിൽ ഇന്നും നിലനിൽക്കുന്നുവെന്നതാണ്."

**ഹസനുൽ ബന്നാ:**

ആധുനിക യുഗത്തിൽ ഇസ്ലാമിനെ ഒരു സമ്പൂർണ ജീവിതവ്യവസ്ഥയായും ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കെതിരിൽ ബദൽശക്തിയായും അവതരിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച രണ്ടു മഹാരഥന്മാരാണ് മൗലാനാ അബുൽ അഅ്ലാ മൗദൂദിയും ഹസനുൽ ബന്നയും. സമകാലീനരായ ഈ രണ്ടുപേരും സുശക്തരായ ഒരു പ്രബോധകസംഘത്തെ വാർത്തെടുക്കുന്നതിൽ വമ്പിച്ച വിജയം നേടുകയുണ്ടായി. ആധുനിക ഇസ്ലാമിക ചരിത്രം മൗദൂദിയുടെയും ബന്നായുടെയും ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. മൗലാനാ മൗദൂദിയെക്കുറിച്ച പഠനങ്ങൾ അന്യത്രയുള്ളതിനാൽ ഈ ലേഖനത്തിൽ അദ്ദേഹം പ്രതിപാദിക്കപ്പെടുന്നില്ല.

1906-ൽ ഈജിപ്തിലെ ഒരു മതകുടുംബത്തിൽ ജനിച്ച ഹസനുൽബന്ന ചെറുപ്പത്തിലേ ദീനിനിഷ്ഠയിൽ കണിശക്കാരനായിരുന്നു. രാത്രി നമസ്കാരം, സുന്നത്ത് നോമ്പുകൾ എന്നിവ ചെറുപ്പം മുതൽക്കേ പതിവാക്കി. തിന്മയെ പ്രതിരോധിക്കുന്നതിന് വിദ്യാർഥിജീവിതകാലത്ത് തന്നെ ചില സംഘടനകൾ രൂപീകരിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം അധ്യാപകനായി നിയമിതനായതോടെയാണ് ഹസനുൽബന്ന സജീവ മതപ്രബോധനരംഗത്തേക്ക് പ്രവേശിക്കുന്നത്. ബ്രിട്ടീഷ്-സൂയസ് കമ്പനി നാട്ടിനെ വിഴുങ്ങുന്നതും ഇംഗ്ലീഷുകാരുടെ സംസ്കാരം ഈജിപ്തുകാരെ കടന്നാക്രമിക്കുന്നതും ഹസനുൽ ബന്നയെ വേദനിപ്പിച്ചു. 1924-ൽ സഹപ്രവർത്തകരായ അഞ്ചു പേരെ ചേർത്ത് 'അൽ ഇഖ്വാനുൽ മുസ്ലിമൂൻ' എന്ന സംഘടനക്ക് ബീജാവാപം നൽകി. ചായക്കടകളിലും പള്ളികളിലും ഫാക്ടറികളിലും കയറിയിറങ്ങി ജനങ്ങളെ ബോധവൽക്കരിക്കാൻ ബന്ന അക്ഷീണം പ്രവർത്തിച്ചു. അനിതരസാധാരണമായ ആ വ്യക്തിത്വം പൊതുജനങ്ങളെ ആകർഷിച്ചുകൊണ്ടിരുന്നു. തുടർന്ന് ഹസനുൽ ബന്ന കൈറോവിലേക്ക് സ്ഥലം മാറ്റപ്പെട്ടപ്പോൾ ഇഖ്വാന്റെ കേന്ദ്രവും അതേ നഗരിയിലേക്ക് മാറി. പ്രവർത്തനങ്ങൾ കൂടുതൽ വ്യവസ്ഥാപിതമാവുകയും കൂടുതൽ മേഖലകളിലേക്ക് വ്യാപിക്കുകയും ചെയ്തു.

1947-ൽ ഇസ്രാഈൽ രാഷ്ട്രം നിലവിൽ വന്നപ്പോൾ അതിന്നെതിരിൽ പടപൊരുതാൻ ആയിക്കണക്കിൽ ഇഖ്വാൻകാർ സന്നദ്ധ ഭടന്മാരായി പുറപ്പെട്ടു. ജൂതന്മാർക്ക് പ്രഹരങ്ങളേൽപിച്ചുകൊണ്ട് അവർ പല ഘട്ടങ്ങളിലും വിജയശ്രീലാളിതരായി. ഇഖ്വാന്റെ വളർച്ചയിൽ വിഭ്രാന്തി പൂണ്ട ഭരണകൂടം സന്നദ്ധ ഭടന്മാരെ തിരിച്ചുവിളിക്കുകയും ജയിലിലടക്കുകയുമാണുണ്ടായത്.

വിദ്യാർഥികളിലും ഉദ്യോഗസ്ഥവൃന്ദത്തിലും തൊഴിലാളികളിലും ഇഖ്വാന്റെ നിർണായക വളർച്ച ഭരണകൂടത്തിന് പരിഭ്രാന്തി സൃഷ്ടിച്ചു. വിദേശ ശക്തികളുടെ സമ്മർദ്ദവും കടുംകൈ ചെയ്യാൻ അവരെ പ്രേരിപ്പിച്ചു. അങ്ങനെയാണ് 1949 മാർച്ച് 12-ന് കൈറോവിലെ ഒരു തെരുവിൽവെച്ച് രഹസ്യാന്വേഷണ വകുപ്പിന്റെ ആസൂത്രണ പ്രകാരം ഹസനുൽബന്ന വെടിയേറ്റ് മരിക്കുന്നത്. അദ്ദേഹത്തിന്റെ ഭൗതികജീവിതത്തിന് വിരാമമിടാൻ അക്രമികളുടെ വെടിയുണ്ടകൾക്ക് സാധിച്ചുവെങ്കിലും ആധുനിക ഇസ്ലാമിക നവോത്ഥാനത്തിന്റെ ദീപശിഖ തുടർന്നും ഉയർത്തിപ്പിടിക്കാൻ പ്രാപ്തമായ നല്ലൊരു സമൂഹത്തിന്റെ സൃഷ്ടി അതിനുമുമ്പേ സാധിച്ചുകഴിഞ്ഞിരുന്നു. അറബി രാഷ്ട്രത്തിൽ മാത്രമല്ല യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ദർശിക്കുന്ന നവോത്ഥാനത്തിന്റെ വേരുകൾ ഹസനുൽ ബന്നയിലേ ചെന്നവസാനിക്കൂ.

മുഖ്യമായും നാലു കാര്യങ്ങൾ നേടിയെടുക്കാൻ ഹസനുൽ ബന്നക്ക് സാധിച്ചു:

(1) ഇസ്ലാമിക ശരീഅത്ത് ഒരു ഭരണകൂടത്തിന് അടിത്തറയാകാൻ പറ്റുമെന്ന വിശ്വാസം ജനഹൃദയങ്ങളിൽ സൃഷ്ടിച്ചു. ഫ്രീ ഓഫീസേഴ്സിന്റെ നേതൃത്വത്തിൽ നടന്ന ഈജിപ്ഷ്യൻ വിപ്ലവം വിജയിക്കുകയാണെങ്കിൽ ഇസ്ലാമിക ശരീഅത്ത് നടപ്പാക്കുമെന്ന് ഹസനുൽ ബന്നയോടവർ വാഗ്ദാനം ചെയ്തിരുന്നു.വിപ്ലവാനന്തരം വാഗ്ദത്തം ലംഘിക്കുകയും വഞ്ചിക്കുകയുമാണുണ്ടായത്.

(2) ആത്മീയമായും ചിന്താപരമായും ശിക്ഷണം നൽകപ്പെട്ട നല്ലൊരു യുവസമൂഹത്തെ വാർത്തെടുത്തു. ഏത് പ്രതിസ്ന്ധി ഘട്ടത്തെയും തരണംചെയ്യാനുള്ള അചഞ്ചലമായ നിശ്ചയദാർഢ്യം അവർക്കുണ്ടായിരുന്നു. ജമാൽ അബ്ദുന്നാസറിന്റെ കാലത്ത് ഇസ്ലാമിക പ്രവർത്തകർക്കുനേരെ അതിക്രൂരമായ പീഡനങ്ങൾ നടന്നപ്പോൾ ചങ്കൂറ്റത്തോടെ അതിനെ നേരിട്ട് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം രചിക്കാൻ ആ ധർമ്മ യോദ്ധാക്കൾക്ക് സാധിച്ചത് അതുകൊണ്ടാണ്.

(3) മനുഷ്യനിർമിത പ്രത്യേയശാസ്ത്രങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും മധ്യേ പരിഹാസപാത്രമായിരുന്ന ഇസ്ലാമിക ചിന്തക്ക് പുതിയ അർഥവും പ്രസക്തിയും നൽകി. പടിഞ്ഞാറൻ ആശയങ്ങളെ ആരാധനയോടെ നോക്കിയിരുന്ന ഇളംതലമുറക്ക് ഇസ്ലാമിൽ ആത്മവിശ്വാസമുണ്ടായി. ഇറക്കുമതി ചെയ്യപ്പെട്ട ദർശനങ്ങളുടെ പൊള്ളത്തരം അവർക്ക് ബോധ്യമായി.

(4) മുസ്ലിം സമൂഹത്തിൽ ജിഹാദി വികാരത്തിന് പുനർജീവൻ നൽകി. ത്യാഗങ്ങളിലൂടെയും ബലിയിലൂടെയും മാത്രമേ ലക്ഷ്യം നേടിയെടുക്കാനും ദൈവപ്രീതിയാർജിക്കാനും കഴിയൂ എന്നദ്ദേഹം പഠി

പ്പിച്ചു. "അല്ലാഹുവാണ് നമ്മുടെ നാഥൻ, പ്രവാചകൻ നമ്മുടെ നേതാവ്, ഖുർആൻ നമ്മുട ഭരണഘടന, ജിഹാദ് നമ്മുടെ മാർഗം, ദൈവമാർഗത്തിൽ മൃത്യുവരിക്കൽ നമ്മുടെ മോഹന സ്വപ്നം." ഇതായിരുന്നു ഹസനുൽബന്ന അനുയായികളെ പഠിപ്പിച്ച മുദ്രാവാക്യങ്ങൾ.

**സയ്യിദ് ഖുതുബ്**

'ഇഖ്‌വാനുൽ മുസ്‌ലിമൂൻ' എന്ന ചിന്താ പ്രസ്ഥാനത്തിന്റെ സംഘടനാ നേതൃത്വം ഔപചാരികമായി സയ്യിദ് ഖുതുബ് ഏറ്റെടുത്തിട്ടില്ലെങ്കിലും ഹസനുൽ ബന്നയെ കഴിച്ചാൽ സംഘടനക്ക് ചിന്താപരമായി നേതൃത്വം നൽകിയത് അദ്ദേഹമാണെന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. സാഹിത്യകാരനും ചിന്തകനുമായിരുന്ന സയ്യിദിന്റെ ശക്തമായ തൂലിക ഹസനുൽ ബന്നയുടെ ചിന്തകളെ അതിശക്തമായും മനോഹരമായും അവതരിപ്പിച്ചു. ലോകമെങ്ങുമുള്ള ഇസ്‌ലാമിക തൽപരരെ ആ തൂലിക ഹഠാദാകർഷിച്ചു. സയ്യിദിന്റെ കൃതികൾ ലോകപുസ്തക വിപണിയിൽ ചൂടപ്പംപോലെ വിറ്റഴിഞ്ഞു. 1906-ൽ ജനിച്ച സയ്യിദ് ഖുതുബ് കോളേജ് വിട്ട ശേഷം വിദ്യാഭ്യാസ ഇൻസ്പെക്ടറായാണ് പൊതുജീവിതം ആരംഭിക്കുന്നത്. ചെറുപ്പം മുതലേ സാഹിത്യത്തിൽ തൽപരനായ അദ്ദേഹം മുഴുസമയ എഴുത്തുകാരനായി മാറി. ഈജിപ്തിലെ എണ്ണപ്പെട്ട സാഹിത്യകാരന്മാരായ ത്വാഹാ ഹുസൈൻ, അഖ്ഖാദ്, മുസ്തഫാ റാഫിഈ എന്നിവരോടൊപ്പം സയ്യിദിന്റെ നാമവും കേൾക്കാൻ തുടങ്ങി.

1939 മുതൽ 51 വരെയുള്ള കാലഘട്ടത്തിലാണ് സയ്യിദിൽ ചിന്താപരമായ വിപ്ലവം നടക്കുന്നത്. ഖുർആനിന്റെ അമാനുഷികതയും ശൈലീസൗകുമാര്യവും വിശദീകരിച്ചുകൊണ്ട് അദ്ദേഹം രചിച്ച നിസ്തുലമായ ഗ്രന്ഥങ്ങൾ (ഖുർആനിലെ കലാവിഷ്കാരം, അന്ത്യദിന ദൃശ്യങ്ങൾ ഖുർആനിൽ) ഇക്കാലത്താണ് വെളിച്ചം കണ്ടത്. 1948-ലാണ് 'ഇസ്‌ലാമിലെ സാമൂഹ്യ നീതി' എന്ന പ്രഖ്യാത കൃതി പുറത്തിറങ്ങിയത്.

1951 മുതലാണ് സയ്യിദ് ഖുതുബ് ഇഖ്‌വാനുമായി ഔപചാരികബന്ധം തുടങ്ങുന്നത്. ഉടനെയദ്ദേഹം സംഘടനാ പത്രത്തിന്റെ മുഖ്യപത്രാധിപരായി. ഈ ഘട്ടത്തിൽ അദ്ദേഹം രചിച്ച പ്രധാന കൃതികളിലൊന്നാണ് 'വഴിയടയാളങ്ങൾ'. നാസിർവധ ഗൂഢാലോചന ചുമത്തി 1954-ൽ സയ്യിദ് ഖുതുബ് അറസ്റ്റ് ചെയ്യപ്പെടുകയും പതിനഞ്ചുകൊല്ലം കഠിന തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തു. പത്തു കൊല്ലം കാരാഗൃഹത്തിൽ കഴിഞ്ഞ ആ മഹാനുഭാവനെ അന്നത്തെ ഇറാഖ് പ്രസിഡന്റ് അബ്ദുസ്സലാം ആരിഫ് ഇടപെട്ടാണ് വിട്ടയച്ചത്. പക്ഷേ, 65-ൽ അദ്ദേഹം വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചു എന്നതായിരുന്ന ആരോപിക്കപ്പെട്ട കുറ്റം. 'വഴിയടയാളങ്ങൾ' എന്ന കൃതിയിലൂടെയാണത്രെ ഈ അട്ടിമറി നടക്കുന്നത്. തുടർന്നദ്ദേഹം വധശിക്ഷക്ക് വിധിക്കപ്പെട്ടു. ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക പ്രവർത്തകരുടെ എതിർപ്പുകൾ വകവെക്കാതെ 9-8-66-ന് നാസറിന്റെ കിങ്കരന്മാർ സയ്യിദ് ഖുതുബിനെ തൂക്കിലേറ്റി. 'ഫീ ളിലാലിൽ ഖുർആൻ' എന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ് സയ്യിദിന്റെ ചിന്തകളുടെ സമാഹാരം. ശൈലീസൗകുമാര്യം, രചനാപാടവം, ചിന്തയുടെ മൗലികത എന്നിവയിൽ മികച്ചുനിൽക്കുന്ന ഈ മഹത്തായ ഗ്രന്ഥം ഇന്നും മുസ്‌ലിം യുവാക്കളുടെ ഹരമാണ്. സയ്യിദിന്റെ ഘാതകർ ചരിത്രത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിലേക്ക് തള്ളപ്പെട്ടപ്പോൾ ആ ധീരകേസരി മുസ്‌ലിം യുവഹൃദയങ്ങളിൽ അമരനായി വാഴുന്നു.

**മുസ്തഫസ്സിബാഇ**

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കംവരെ വ്യവസ്ഥാപിതമായ ഇസ്‌ലാമിക പ്രവർത്തനങ്ങളൊന്നും ശാം പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല. സൂഫികളും ത്വരീഖത്തുകളുമായിരുന്നു രംഗത്ത്. ചില ധാർമിക ശിക്ഷണങ്ങളിലും ആചാര സമ്പ്രദായങ്ങളിലും പരിമിതമായിരുന്ന അവരുടെ പ്രവർത്തനങ്ങൾ സർവവ്യാപകമായ അനാചാരങ്ങൾക്കോ അന്ധവിശ്വാസങ്ങൾക്കോ എതിരായിരുന്നില്ല. ഇസ്‌ലാമിനെ സംബന്ധിച്ച സത്യസന്ധമായ വീക്ഷണവും അവർക്കുണ്ടായിരുന്നില്ല.

ഈ സാഹചര്യത്തിലാണ് മുസ്തഫസ്സിബാഈ ഹിംസിലെ പ്രസിദ്ധ പണ്ഡിത കുടുംബത്തിൽ ജനിക്കുന്നത്. പിതാവ് അവിടത്തെ വലിയ പള്ളിയിലെ ഖത്തീബായിരുന്നു. ദേശീയ പ്രസ്ഥാനങ്ങളിൽ സജീവ പങ്ക്‌വഹിച്ച അദ്ദേഹം ഫ്രാൻസിനെതിരിൽ സായുധ സമരത്തിലും പങ്കെടുത്തിട്ടുണ്ട്. പിതാവിന്റെ കാലടികൾ പിൻപറ്റിയ മുസ്തഫ ചെറുപ്പത്തിലേ കൂർമ ബുദ്ധിയും ധീരനും വാഗ്മിയുമായിരുന്നു. പിതാവിന്റെ അഭാവത്തിൽ ഖുതുബ നിർവഹിക്കാൻ തുടങ്ങിയതോടെ മകൻ ജനശ്രദ്ധയാകർഷിച്ചു. 1930-ൽ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയത് റിക്കാർഡ് മാർക്കോടെയായിരുന്നു. ഉന്നത പണ്ഡിതന്മാരുമായുള്ള സഹവാസം അദ്ദേത്തിന്റെ വിചാരമണ്ഡലം വികസിപ്പിച്ചു. 1933-ൽ ഉപരിപഠനാർഥം ഈജിപ്തിലേക്ക് പോയി. അസ്ഹർ യൂനിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് സമ്പാദിച്ച ശേഷമാണ് നാട്ടിലേക്ക് തിരിച്ചത്. അദ്ദേഹം രചിച്ച ഗവേഷണപ്രബന്ധം 'അസ്സുന്ന വ മകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി' പ്രസ്തുത വിഷയത്തിൽ നിസ്തുല ഗ്രന്ഥമായി പണ്ഡിതലോകം പരിഗണിക്കുന്നു.

ശാം പ്രദേശങ്ങളുടെ ശോച്യാവസ്ഥ സബാഇയുടെ മനസ്സിൽ നൊമ്പരം സൃഷ്ടിച്ചു. പ്രാദേശികതലത്തിൽ ചില സംഘടനകൾ രൂപീകരിച്ചു പ്രവർത്തിക്കാൻ അദ്ദേഹം ശ്രമങ്ങൾ പലതും നടത്തി. എന്നാൽ, 1933-ൽ കൈറോവിൽവെച്ച് ഹസനുൽ ബന്നയുമായി ബന്ധപ്പെട്ടതോടെയാണ് അദ്ദേഹത്തിന് വ്യക്തമായ കർമസരണി ലഭിച്ചത്. 1945-ൽ സിബാഇ സിറിയയിലേക്ക് മടങ്ങി അവിടെ മുസ്‌ലിം ബ്രദർഹുഡിന് രൂപംനൽകി. ജീവിതാന്ത്യം വരെ ആ കർമമാർഗത്തിൽ ഉറച്ചുനിന്നു.

വിദ്യാഭ്യാസരംഗത്തും പത്രപ്രവർത്തനരംഗത്തും സിബാഇയുടെ സംഭാവനകൾ കിടയറ്റതാണ്. സിറിയയിലെ എല്ലാ പ്രവിശ്യകളിലും അറബി-ഇസ്‌ലാമിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ അദ്ദേഹം സ്വന്തമായി തുടങ്ങി. 1947-ൽ 'അൽമനാർ' പത്രം ആരംഭിച്ചു. ഗവൺമെന്റ് നിരോധിച്ചതിനെതുടർന്ന് 1955-ൽ 'അൽമുസ്‌ലിമൂൻ' എന്ന പത്രം പുറത്തിറക്കി. പിന്നീടത് 'ഹളാറതുൽ ഇസ്‌ലാം' എന്നാക്കി മാറ്റി. ഇസ്‌ലാമിക യുവസമൂഹത്തിന്റെ ബുദ്ധിപരമായ വളർച്ചയിലും ശിക്ഷണത്തിലും നിസ്തുല പങ്കാണ് പ്രസ്തുത പത്രം വഹിച്ചത്.

ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരെ സായുധസമരം നയിക്കുന്നതിൽ മുസ്തഫസ്സിബാഇ പിതാവിനെപ്പോലെ ഉജ്ജ്വലപങ്ക് വഹിച്ചു. 1948-ൽ യു.എൻ. ഇസ്രായേലിന് അംഗീകാരം നൽകിയതോടെ സിബാഇ സായുധ സംഘട്ടത്തിനാഹ്വാനം ചെയ്തു. സിറിയ, ഫലസ്തീൻ, ഇറാഖ് എന്നിവിടങ്ങളിൽ സഞ്ചരിച്ച് യുവാക്കളെ അദ്ദേഹം സമരസജ്ജരാക്കി. പടയണിക്ക് മുന്നിൽനിന്ന് നേതൃത്വം നൽകിയ സിബാഇയുടെ വളണ്ടിയർ സേന ഖുദ്സിൽ കടന്ന് ശത്രുക്കൾക്ക് കനത്ത പ്രഹരമേൽപിച്ചു. 1952-ൽ സൂയസ് മേഖലയിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ആയിരക്കണക്കിൽ വളണ്ടിയർമാരെ സിബാഇ ഓഫർ ചെയ്തു. പക്ഷേ, സിറിയൻ ഗവൺമെന്റ് അദ്ദേഹത്തെ കാരാഗൃഹത്തിലടക്കുകയാണുണ്ടായത്. അന്നുമുതൽ ഗവൺമെന്റ് അദ്ദേഹത്തെ പീഡിപ്പിക്കാൻ തുടങ്ങി. ജോലിയിൽനിന്ന് പിരിച്ചുവിടുകയും ലബനാനിലേക്ക് നാടുകടത്തുകയും ചെയ്തു. ലബനാനിലെത്തിയ സിബാഇ ആദ്യം ചെയ്തത് അവിടെ ഇഖ്‌വാന്റെ ഘടകം രൂപീകരിക്കുകയായിരുന്നു.

1957-ൽ പക്ഷപാതം പിടിപെട്ട മുസ്തഫസ്സിബാഇ എട്ടു വർഷം അസാമാന്യ സഹനത്തോടെ ജീവിതം കഴിച്ചുകൂട്ടി. മാനസികമായി ഒരിക്കലും തളരാത്ത അദ്ദേഹം ഇക്കാലത്താണ് തന്റെ രണ്ടു വിശിഷ്ട കൃതികൾ (ഇസ്‌ലാമിക സോഷ്യലിസം, സ്ത്രീ കർമശാസ്ത്രത്തിലും നിയമത്തിലും) രചിച്ചത്. 1964-ൽ ആ ധന്യജീവിതം അവസാനിച്ചു.

**ഇബ്നു ബാദീസും തുറാബിയും**

അൾജീരിയയെ ഫ്രഞ്ചുവൽക്കരിക്കുന്നതിനെതിരിൽ ശക്തമായ സമരം സംഘടിപ്പിക്കുകയും ഇസ്‌ലാമിക സംസ്കാരവും അറബി ഭാഷയും നിലനിർത്താൻ അഹോരാത്രം പണിപ്പെടുകയും

ചെയ്ത വ്യക്തിയാണ് 1889-ൽ ജനിച്ച് 1940-ൽ ചരമമടഞ്ഞ അബ്ദുൽ ഹമീദുബ്നു ബാദീസ്, സൈത്തൂന യൂനിവേഴ്സിറ്റിയിൽനിന്ന് ഉന്നത ബിരുദം നേടിയ ശേഷം മക്കയിലെ വിശ്വോത്തര പണ്ഡിതരിൽനിന്ന് വിദ്യയാർജിച്ച ഇബ്നുബാദീസ് സ്വദേശത്ത് തിരിച്ചെത്തി 'ജംഇയ്യത്തുൽ ഉലമ' എന്ന പണ്ഡിതവേദി രൂപീകരിച്ചു പ്രവർത്തനങ്ങൾക്ക് രൂപം നൽകി. പല തവണ വധശ്രമത്തിൽനിന്ന് രക്ഷപ്പെട്ട ആ പണ്ഡിതവര്യൻ ഫ്രഞ്ച് സാമ്രാജ്യത്വത്തിന്നെതിരിൽ പോരാടിയ സ്വതന്ത്ര സേനാനിയാണ്. അൾജീരിയയിൽ ഇന്ന് പ്രകടമായിക്കാണുന്ന ഇസ്ലാമിക നവോത്ഥാനത്തിന് പിന്നിൽ ഇബ്നു ബാദീസിന്റെ സ്വാധീനം നിഴലിച്ചു കാണാം.

സുദാനിൽ ഇസ്ലാമിക പ്രസ്ഥാനത്തെ ശക്തമായ ജനകീയാടിത്തറകളിൽ പടുത്തുയർത്തുകയും ഭദ്രമായ ഒരു സംഘടനയായി വളർത്തുകയും ചെയ്യുന്നതിൽ ഡോ. ഹസൻ തുറാബിയുടെ അസാമാന്യമായ നേതൃശേഷിയും സംഘടനാപാടവവുമാണ് പങ്ക്വഹിച്ചത്. 1932-ൽ ജനിച്ച ഹസൻ തുറാബി 1964-ലാണ് ഡോക്ടറേറ്റ് നേടിയത്. സുദാൻ രാഷ്ട്രീയത്തിൽ സ്വതന്ത്രമായ പ്രവർത്തനമാർഗങ്ങൾ വെട്ടിത്തെളിയിച്ച തുറാബിക്ക് 'ഇഖ്വാനുൽ മുസ്ലിമൂ'ന്റെ അന്താരാഷ്ട്ര നേതൃത്വവുമായി ചില വിഷയങ്ങളിൽ വിയോജിപ്പുണ്ട്. എങ്കിലും, പല ഭരണപരീക്ഷണങ്ങളിലും ഭാഗഭാക്കായി മറ്റു സംഘടനകളോടൊപ്പം അധികാരം പങ്കിട്ട തുറാബിയുടെ 'ഇസ്ലാമിക് ഫ്രന്റ്' സംഘടനയുടെ ശക്തിയും ജനപിന്തുണയും വർധിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ഉമറുൽ ബശീറിന്റെ നേതൃത്വത്തിൽ ഇന്ന് സുദാനിൽ നടക്കുന്ന പട്ടാള ഭരണത്തിന് 'ഇസ്ലാമിക് ഫ്രന്റി'ന്റെ ആശീർവാദമുള്ളതായി നിരീക്ഷകർ മനസ്സിലാക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ഇസ്ലാമിക നവോത്ഥാന നായകരെക്കുറിച്ച് പരാമർശിക്കപ്പെടുമ്പോൾ ഇവിടെ അനുസ്മരിപ്പിക്കപ്പെടേണ്ട ധാരാളം പേരുകൾ ഇനിയുമുണ്ട്. ലബനാനിലെ 'അൽ ജമാഅത്തുൽ ഇസ്ലാമിയ്യ'യുടെ നേതാവ് ശൈഖ് ഫത്ഹിയകൻ, ജോർദാനിൽ ഇഖ്വാനുൽ മുസ്ലിമൂൻ രൂപീകരിച്ച അബ്ദുല്ലത്വീഫ് അബൂഖുറ, ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും ഓടിനടന്ന് ഇസ്ലാമിക പ്രവർത്തനങ്ങൾക്ക് ഉയിരും ഊർജവും നൽകുന്ന ഡോ. യൂസുഫുൽ ഖർദാവി, ജ്ഞാന വൃദ്ധനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും പ്രഭാഷകനുമായ ശൈഖ് മുഹമ്മദുൽ ഗസ്സാലി തുടങ്ങിയവർ അവരിൽ ചിലരാണ്. കൂടാതെ പാക്കിസ്ഥാനിലെ പ്രൊഫ. ഖുർശിദ് അഹ്മദ്, ബംഗ്ലാദേശിൽ ഇസ്ലാമിക പ്രസ്ഥാനത്തിന് തുടക്കമിട്ട പ്രൊഫ, ഗുലാം അഅ്സം, ഇന്ത്യയിൽ ജമാഅത്തെ ഇസ്ലാമിക്ക് നേതൃത്വം നൽകിയ അബുല്ലൈസ് ഇസ്ലാഹി എന്നിവരെയും ഇവിടെ അനുസ്മരിക്കട്ടെ.

ഇന്തോനേഷ്യയിൽ ശക്തമായൊരു ഇസ്ലാമിക പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ മശൂമി പാർട്ടി നേതാവ് ഡോ. മുഹമ്മദ് നാസിർ, ഒരു സോഷ്യലിസ്റ്റ് രാജ്യത്ത് നിന്നുകൊണ്ട് ഇസ്ലാമിക വ്യവസ്ഥക്കു വേണ്ടി ധീരമായി പടവെട്ടി ഒരു പ്രവിശ്യയുടെ ഭരണസാരഥ്യം വരെ പിടച്ചുപറ്റിയ യൂഗോസ്ലാവ്യയുടെ മഹാ ബുദ്ധിജീവിയായ അലിജാ അലി ഇസ്സത്ത് ബെഗോവിച്ച്, അൾജീരിയയിലെ സാൽവേഷൻ ഫ്രന്റിന് നേതൃത്വം നൽകുന്ന അബ്ബാസി മദനി, തുനീഷ്യയിലെ നഹ്ദ പാർടി നേതാവ് റാഷിദുൽ ഗനൂഷി തുടങ്ങിയവരുടെ പേരുകളും ഇവിടെ സ്മരിക്കപ്പെടേണ്ടതാണ്.